


*ഗാന്ധി അനുസ്മരണം നടത്തി*

കരിവെള്ളൂർ : നെസ്റ്റ് കോളേജ് എൻ.എസ്.എസ് ആഭിമുഖ്യത്തിൽ ഗാന്ധി അനുസ്മരണവും ശുചിത്വ വാരാഘോഷ ഉദ്ഘാടനവും നടത്തി. കോളേജ് ചെയർമാനും കണ്ണൂർ സർവ്വകലാശാല സെനറ്റ് മെമ്പറുമായ എം.പി. എ റഹീം പരിപാടി ഉദ്ഘാടനം ചെയ്തു. പയ്യന്നൂർ കുഞ്ഞിരാമൻ മാസ്റ്റർ മുഖ്യ പ്രഭാഷണം നടത്തി. വി.വി. മീര അധ്യക്ഷത വഹിച്ചു. സ്മിത ചാക്കോ , ഹാഷിർ ഹുസൈൻ എന്നിവർ സംസാരിച്ചു. കോളേജ് എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ ഒ.വി. ആശ സ്വാഗതവും എൻ.എസ്.എസ് വളണ്ടിയർ വൈഷ്ണവി നന്ദിയും പറഞ്ഞു.




പറമ്പത്ത് ഭഗവതി ക്ഷേത്രം എൽ.പി.സ്കൂൾ





# ശുചീകരണ യജ്ഞത്തിന് പിന്തുണയുമായി നെസ്റ്റ് കോളേജും



കരിവെള്ളൂർ:ശുചീകരണ യജ്ഞത്തിന് പിന്തുണയുമായി നെസ്റ്റ് കോളേജ് കൂക്കാനവും.നവംബർ ഒന്നിന് സ്കൂൾ തുറക്കുന്നതിന്റെ മുന്നോടിയായി സ്കൂൾ ശുചീകരണത്തിന് തുടക്കമായി.എൻ.എസ്.എസ് നെസ്റ്റ് കോളേജ് യൂനിറ്റ്. ഇതിന്റെ ഭാഗമായി കുണിയൻ പറമ്പത്തു ഗവതി ക്ഷേത്രം എൽ.പി സ്കൂൾ ശുചീകരിച്ചു .ക്ലാസ്സ് മുറികൾ ,ടോയ്‌ലറ്റുകൾ, എന്നിവ എൻ.എസ്.എസ്. വളണ്ടിയർമാർ വൃത്തിയാക്കി. പരിപാടിക്ക് എൻ.എസ്.എസ്. പോഗ്രാം ഓഫീസർ ആശ.ഒ.വി., വളണ്ടിയർ സെക്രട്ടറി ,കോളേജിലെ അധ്യാപകർ ,കുണിയൻ പറമ്പത്തു ഭഗവതി ക്ഷേത്രം എൽ.പി. സ്കൂൾ മാനേജ്മെന്റ് പ്രതിനിധികൾ എന്നിവർ നേതൃത്വം നല്കി. ശുചികരണയജ്ഞത്തിന്റെ ഭാഗമായി കൂക്കാനം സ്കൂൾ, പുത്തൂർ സ്കൂൾ, വെള്ളൂർ ഗവ: എൽ.പി സ്കൂൾ എന്നിവ നെസ്റ്റ് കോളേജ് എൻ.എസ്.എസ് യൂനിറ്റ് വരും ദിവസങ്ങളിൽ വൃത്തിയാക്കും